# തിരുമല തേടി ഒരു യാത്ര

സതീഷ് നാരായണൻ

അച്ഛൻ തന്റെ ജീവിതയാത്രയെ വിശേഷിപ്പിച്ചത് തിരുമല തേടിയുള്ള യാത്ര എന്നായിരുന്നുവല്ലൊ. ഇരുമുടികെട്ടുമേന്തിയ ആ ദീർഘയാത്രയിൽ കടന്നു പോയ ഇടത്താവളങ്ങളെ ഞാൻ പരിചയപ്പെടുത്തട്ടെ.

അച്ഛന് രാവിലെ നേരത്തെ കോടതിയിലെത്തേണ്ടതുണ്ട്. അവിടെ കക്ഷികൾ കാത്ത് നിൽക്കുന്നണ്ടാവും. പക്ഷേ ഈ പരിപാടി അത്ര എളുപ്പമായിരുന്നില്ല. മൂന്നോ നാലോ പ്രാവശ്യമായി കുടിക്കുന്ന ചായ പ്രഭാതകർമ്മങ്ങൾക്ക് ആവശ്യമായിരുന്നു. മാത്രമല്ല, മിക്കവാറും രാവിലെ ഏഴു മണിയാവുമ്പോഴേക്കും വീട്ടിലേയ്ക്കും കക്ഷികൾ തിരക്കിയെത്തും. അവരെ പറഞ്ഞയച്ച് ധൃതിയിൽ കുളിക്കും, അപ്പേഴേക്കും ചോറ് തയ്യാറായിട്ടുണ്ടങ്കിൽ ഉണ്ട് കോടതിയിലേക്ക് യാത്രയാവും. പലതരത്തിലുള്ള ഭക്ഷണക്രമങ്ങളും അച്ഛൻ പരീക്ഷിച്ചു നോക്കിയിട്ടുണ്ട്. കുറേക്കാലം ഉച്ചഭക്ഷണം വീട്ടിൽ നിന്ന് കൊടുത്തയച്ചിരുന്നു. പിന്നീട് രാവിലെ ഊണ് കഴിച്ച് പോവാൻ തുടങ്ങി. ചില ദിവസങ്ങളിൽ അച്ഛൻ പോവുമ്പോഴേക്കും ചോറ് ആവില്ല. ആ ദിവസങ്ങളിൽ പകൽ ഉപവാസമായിരിക്കും. അമ്മയോട് പിണങ്ങി ഭക്ഷണം കഴിക്കാതെപോയ ദിവസങ്ങളും ഉണ്ടായിരുന്നു.

അച്ഛനെ ഓർക്കുമ്പോൾ അച്ഛന്റെ വിവിധഭാവങ്ങൾ മനസ്സിലേക്ക് തള്ളിവരുന്നു. കാലുള്ള നരച്ച ശീല കുടയും നിവർത്തി കക്ഷത്ത് ആധാരക്കെട്ടുമായി ക്ഷീണിച്ച കാൽവെപ്പോടെ കോടതിയിലേക്ക് നടന്നുപോകുന്ന അച്ഛൻ, വെളുപ്പിന് അടിയുടെ സഹായത്തോടെയെങ്കിലും എന്റെ തലയിലെ കളിമണ്ണ് കുറച്ചെങ്കിലും പുറത്തെടുക്കാൻ പറ്റുമോ എന്ന് നോക്കുന്ന അച്ഛൻ, കോടതിയിലെ പൊടിപിടിച്ച മുറിയിൽ മുമ്പിൽ ഇരിക്കുന്ന കക്ഷികളുമായി സംസാരിച്ച് ആധാരം എഴുതുന്ന അച്ഛൻ, ഒഴിഞ്ഞ ചായ പാത്രവും കയ്യിൽവച്ച് ചുമരിൽ ചാരി നിൽക്കുന്ന അമ്മയെ എഴുതിക്കൊണ്ടിരിക്കുന്ന ഒരു കവിത വായിച്ചു കേൾപ്പിക്കുന്ന അച്ഛൻ. ഇങ്ങനെ വിവിധ രൂപത്തിലും ഭാവത്തിലുമുള്ള അച്ഛന്റെ ഓർമ്മകൾ. ഇതെല്ലാം മൂർത്തമായ ഓർമ്മകളാണ്. പക്ഷേ സ്വപ്നമോ യാഥാർത്ഥ്യമോ എന്ന് തീർത്ത് പറയുവാൻ പറ്റാത്ത ഒരു ഓർമ്മകൂടിയുണ്ട്: എന്നെ ചുമലിൽ ഇട്ട് കൊണ്ട് വള്ളത്തോളിന്റെ ‘എൻകുഞ്ഞുറങ്ങിക്കോൾകെൻകുഞ്ഞ്....’ എന്ന ഉറക്കപാട്ടു പാടി ഉമ്മറത്ത് ഉലാത്തുന്ന അച്ഛൻ.

## അച്ഛനും അമ്മയും മക്കളും

എന്റെ ബാല്യകാലത്ത കുട്ടിക്കളികളിൽ എന്റെ കൂടെ അച്ഛൻ പങ്കൊണ്ടതിന്റെ നേരിയ ഓർമ്മ എനിക്കുണ്ട്. പിന്നീട് അച്ഛൻ ഗൗരവക്കാരനായി മാറി, ജീവിതപ്രതിസന്ധികളും സമയക്കുറവും ആവാം അതിനു കാരണം. കൌമാരപ്രായം തൊട്ട് ഉദ്യോഗസ്ഥനാകുന്നതുവരെ അച്ഛനുമായി ഞാൻ അധികം അടുത്തിട്ടില്ല. എന്റെ അനുജന്മാർക്ക് അച്ഛൻെറ ശാരീരികമായ ലാളന, ബാല്യകാലത്ത് എനിക്ക് കിട്ടിയേടത്തോളം തന്നെ ലഭിച്ചിരിക്കാൻ ഇടയില്ല.

ഞങ്ങൾക്കെല്ലാം അച്ഛനെ പേടിയായിരുന്നു, തൊട്ടതിനും പിടിച്ചതിനും ശകാരിക്കാറില്ലെങ്കിലും. ചില സമയത്ത് നല്ല അടി കിട്ടുമായിരുന്നു, അതും ചെകിടത്ത്. മക്കളോട് വാത്സല്യമുണ്ടായിരുന്നെങ്കിലും അത് പ്രകടിപ്പിക്കുന്നതിൽ അച്ഛൻ ലുബ്ധനായിരുന്നു. ചെറുതായ ശിക്ഷയൊക്കെ അമ്മ തരുമായിരുന്നെങ്കിലും വാത്സല്യപ്രകടനത്തിൽ അമ്മ ധാരാളിയായിരുന്നു. അതുകൊണ്ടായിരിക്കണം ഞങ്ങൾ കൂടുതലായും അമ്മയോട് അടുത്തതും. അച്ഛൻ മരിച്ചതിനുശേഷം ഒരിക്കൽ അമ്മ പറയുകയുണ്ടായി, അച്ഛനെക്കാളും ഞങ്ങൾ അമ്മയോട് അടുത്തിരുന്നതുകൊണ്ട് അച്ഛന് ഏകാന്തത തോന്നയിരുന്നുവെന്ന്.

അച്ഛൻെറ പെരുമാറ്റത്തിൽ ഉണ്ടായിരുന്ന വാത്സല്യത്തിന്റെ അപര്യാപ്തത അച്ഛൻ കത്തുകളിലൂടെ നികത്തിയിരുന്നു, വാത്സല്യസമ്പന്നമായിരുന്നു അച്ഛൻെറ എഴുത്തുകൾ. ദൂരെയായതുകൊണ്ട് ഞങ്ങളുടെ ചെറിയ അസുഖങ്ങൾ പോലും അച്ഛനെ പരിഭ്രമിപ്പിച്ചിരുന്നു

ഒരിക്കൽ കോഴിക്കോട് ഒരു ആശുപത്രിയിൽ ഞാൻ ശസ്ത്രക്രിയക്ക്വേണ്ടി കിടക്കുമ്പോഴുണ്ടായ അനുഭവങ്ങൾ ഓർമ്മവരുന്നു. ഓപ്പറേഷൻ കഴിഞ്ഞ ഞാൻ ബോധത്തിലേക്ക് തിരിച്ചു വരുന്നത് ‘മോനേ സതീശാ മോനേ സതീശാ’ എന്ന അച്ഛൻെറ ഉദ്വേഗപൂർണമായ വിളി കേട്ടാണ്. ഒരുദിവസം അച്ഛൻ എന്നെ കാണാൻ വന്നത് കുറേ മധുരനാരങ്ങയുമായിട്ടായിരുന്നു. കിടക്കയിൽ എന്റെ അടുത്തിരുന്നു ഓരോ അല്ലി പൊളിച്ചു എന്റെ നേർക്കു നീട്ടി എന്നോട് കഴിക്കുവാൻ വാത്സല്യത്തോടെ നിർബ്ബന്ധിച്ചു.

വീട്ടിലുള്ളപ്പോൾ മിക്കവാറും സമയം അച്ഛൻ സ്വന്തം മുറിയിൽ ഇരുന്നു ജോലിചെയ്യുകയായിരിക്കും, കവിത എഴുതലും ആധാരമെഴുത്തും. അച്ഛന്റെ അരോഗ്യവും വളരെ മെച്ചപ്പെട്ടതായിരുന്നില്ല. മൂലക്കുരുവിനു പുറമെ ഇടക്കിടക്ക് കാൽമുട്ടു വേദനയും, നടുവേദനയും അച്ഛനെ ശല്യം ചെയ്തിരുന്നു.

ഇങ്ങിനെയൊക്കെയായിട്ടും തോട്ടപ്പണിയിലും കുളത്തിൽനിന്നും വെള്ളം തേവി പറമ്പ് നനക്കലും അച്ഛനു വളരെ ഇഷ്ടമായിരുന്നു. പലതരത്തിലുള്ള പൂക്കൾ, പ്രത്യേകിച്ചും മുന്നോ

നാലോ തരം റോസാപൂക്കൾ ആ തോട്ടത്തിലുണ്ടായിരുന്നു.

## ഈശ്വരൻ അച്ഛന്റെ കാഴ്ച്ചപ്പാടിൽ

അച്ഛൻ തികഞ്ഞ ഈശ്വരവിശ്വാസിയായിരുന്നു. അതേസമയം, അമ്പലങ്ങളിൽ പോയി ദൈവങ്ങൾക്ക് കോഴ കൊടുക്കുന്ന തരം വിശ്വാസമായിരുന്നില്ല അത്. ഈശ്വരൻ എന്നത് അച്ഛനെ സംബന്ധിച്ചേടത്തോളം മനുഷ്യാതീതമായ ഒരു ശക്തിയായിരുന്നു.

സന്ധ്യാദീപത്തെ അച്ഛൻ വന്ദിച്ചിരുന്നു. പക്ഷേ, നെററിയിൽ ഭസ്മമോ, ചന്ദനമോ തൊടുന്നത് ഞാൻ കണ്ടിട്ടില്ല. സന്ധ്യക്ക് നാമം ചെല്ലുവാൻ, അതും വഴിപാടല്ലാതെ ശ്രദ്ധയോടെ ചൊല്ലുവാൻ, അച്ഛൻ ആവശ്യപ്പെട്ടിരുന്നു.

ശ്രീ എം.സി. ജോസഫുമായുള്ള പരിചയം യുക്തിവാദത്തിൽ അച്ഛന് താത്പര്യമുണ്ടാക്കി. പക്ഷേ അവരുടെ മുരട്ടുവാദങ്ങളെ അച്ഛൻ തള്ളിക്കളഞ്ഞിരുന്നു.

വിജ്ഞാനത്തിന്റെ കൈത്തിരി കത്തിച്ച് ഞങ്ങളുടെ ചെറുകൈകളിൽ തന്നത് അച്ഛനായിരുന്നു. ശാസ്ത്രം, കല, സാഹിത്യം എന്നീ വിഷയങ്ങളെപ്പറ്റി സ്കൂൾ വിദ്യാർത്ഥികളായിരുന്ന ഞങ്ങളോട് അച്ഛൻ സംസാരിച്ചിരുന്നു.

## കോടതിയും അച്ഛനും

അച്ഛൻ ഒരു വക്കീൽ ഗുമസ്ഥനായിരുന്നു. ഒരു ടൈപ്പിക്കൽ വക്കീൽ ഗുമസ്ഥനെ പറ്റി കൂട്ടുകൃഷിയെന്ന സ്വന്തം നാടകത്തിൽ അച്ഛൻ തന്നെ ഉപഹസിച്ചിട്ടുണ്ട്. അതിലെ ഒരു കഥാപാത്രം ഒരു വ്യവഹാര കാര്യസ്ഥനോട് പറയുന്നുണ്ടല്ലോ. ഞങ്ങൾ തമ്മിലുള്ള തല്ലുകൂടലാണല്ലോ നിങ്ങളുടെ കൃഷി. ഇത്തരം വ്യവഹാരകാര്യസ്ഥന്മാരിൽ നിന്നും തികച്ചും വ്യത്യസ്തനായിരുന്നു അച്ഛൻ. കക്ഷികളെ തമ്മിൽത്തല്ലിക്കാനല്ല രമ്യപ്പെടുത്തനാണ് അച്ഛൻ ശ്രമിച്ചിരുന്നത്. അതുകൊണ്ടുതന്നെ എല്ലാ കക്ഷികൾക്കും അച്ഛനെ വളരെ കാര്യമായിരുന്നു.

സ്വന്തം പ്രയത്നത്താൽ വളർത്തിയെടുത്ത ഇംഗ്ളീഷ് ഭാഷാപരിജ്ഞാനം ഔദ്യോഗിക ജീവിതത്തിലെ വിജയത്തിനു ഏറെ സഹായിച്ചിട്ടുണ്ട്. പുതിയ നിയമങ്ങളും പഴയ നിയമങ്ങളുടെ വ്യാഖ്യാനങ്ങളും ഇംഗ്ളീഷിലാണ് ആദ്യം വരുക.

അച്ഛൻ എപ്പോഴും വിനീതനായിരുന്നു. ആരെയെങ്കിലും ആക്ഷേപിക്കാനോ അപമാനിക്കാനോ പോവാറില്ല. ഈ ഗുണം അച്ഛന് വളരെ പ്രയോജനം ചെയ്തിട്ടുണ്ട്. അച്ഛന്റെ കക്ഷികളിൽ വിവിധ മതസ്ഥരും ജാതിക്കാരും ഉണ്ടായിരുന്നുവെങ്കിലും മുസ്ലീംകളാണ് കൂടുതൽ എന്ന് എനിക്ക് തോന്നുന്നു. അവരിൽ പലരും ഉററ സുഹൃത്തുക്കളായി അച്ഛന്റെ ആഥിത്യം സ്വീകരിക്കാറുമുണ്ട്.

## കലാസാംസ്കാരികരംഗം

പൊന്നാനിയിലെ കലാസാസ്കാരിക പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുത്തിരുന്നത് കൃഷ്ണപ്പണിക്കർ വായനശാലയായിരുന്നു. ഭാരതപുഴയുടെ തീരത്ത് രൂപം കൊണ്ട സൊറസമാജം ആണ് പിന്നീട് പൊന്നാനിയിൽ മാത്രമല്ല കേരളത്തിൽ ഒട്ടാകെ സാഹിത്യരംഗത്തും സാംസ്കാരികരംഗത്തും വലിയ ചലനങ്ങൾ ഉണ്ടാക്കിയ കൃഷ്ണപ്പണിക്കർ സ്മാരക വായനശാലയായത്. അച്ഛനായിരുന്നു അതിന്റെ ജീവനാഡി. സഹൃദയരും ഊർജ്ജസ്വലരുമായ കുറെ ചെറുപ്പക്കാർ അച്ഛന്റെ കൂടെ എപ്പോഴും ഉണ്ടായിരുന്നു. അവർക്ക് അച്ഛൻ ഗോവിന്ദേട്ടനായിരുന്നു. സമഭാവനയോടെ അവരുമായി പെരുമാറാൻ പറ്റി എന്നുള്ളതായിരുന്നു അവരുടെ സ്നേഹവും ആദരവും ആർജ്ജിക്കാൻ കാരണം. അവർ ചർച്ചാവേദികൾ സംഘടിപ്പിച്ചു, നാടകങ്ങൾ അരങ്ങേറി

അച്ഛന്റെ സുഹൃത്തുക്കളെപ്പററി പറയുമ്പോൾ പ്രത്യേകം ഓർമ്മിക്കേണ്ട ഒരു വ്യക്തിയാണ് ടി. ഗോപാലക്കുറുപ്പ് അച്ഛന്റെ വാക്കുകൾ ഉദ്ധരിക്കുകയാണങ്കിൽ ‘എല്ലാ രാഷ്ട്രീയ കുടുക്കുമസാലകളിലും പെട്ടിട്ടും തന്റെ വലിയ ഹൃദയം കൈമോശം വരാതെ സൂക്ഷിച്ചുപോന്ന എന്റെ സുഹൃത്ത്’. നല്ലൊരു അഭിനേതാവും നാടകസംവിധായകനും ആയിരുന്നു അദ്ദേഹം. ഒരിക്കൽ അച്ഛൻ എഴുതിയ നാടകം എങ്ങനെയോ നഷ്ടപ്പെട്ടുപോയി. ആ നാടകം മുഴുവൻ ഇരുന്ന ഇരുപ്പിൽ ചായയുടേയും വറുത്ത മത്തിയുടേയും അകമ്പടിയോടെ അച്ഛന് എഴുതുവാൻ വേണ്ടി അദ്ദേഹം പറഞ്ഞുകൊടുത്തു.

## അച്ഛൻ കത്തുകളിലൂടെ

ഹരിയും ഞാനും ജോലി ചെയ്ത് കൊണ്ടിരുന്ന കാലത്ത് ആഴ്ചയിൽ ഒരു കത്ത് വീട്ടിലേക്ക് അയക്കണമെന്ന് അച്ഛൻ നിർബന്ധിച്ചിരുന്നു. അതേമാതിരി അച്ഛനോ അമ്മയോ ഞങ്ങൾക്കും അയക്കുമെന്നുള്ള ഒരു ധാരണയും ഉണ്ടായിരുന്നു. ഈ ഉടമ്പടിയിലെ ആദ്യ ഭാഗം മിക്കവാറും കൃത്യമായി പാലിച്ചിരുന്നുവെങ്കിലും സമയക്കുറവുകൊണ്ടും ആരോഗ്യക്കുറവുകൊണ്ടും മറുഭാഗത്തു നിന്നും പ്രതികരണം പലപ്പോഴും കുറവായിരുന്നു. അവരുടെ വിഷമങ്ങൾ മനസ്സിലാക്കുവാൻ മാത്രം പക്വത ഇല്ലാതിരുന്ന ഞാൻ അവരുടെ കത്തുകൾക്ക് വേണ്ടി വാശിപിടിക്കുമായിരുന്നു. ഉടനെ, തിരക്കിനിടയിലും, ക്ഷീണിതനായ അച്ഛൻ ക്ഷമാപണത്തോടെ നീണ്ട മറുപടി അയക്കുമായിരുന്നു.

ഹരി സ്വന്തം വിഷങ്ങളെ പരസ്യപ്പെടുത്തുവാൻ ആഗ്രഹിക്കാത്ത ആളായിരുന്നു. കഴിവുള്ളതുകൊണ്ട് നല്ല ഒരു കമ്പനിയിൽ ജോലി ചെയ്യുവാനും സാധിച്ചിരുന്നു. എന്റെ കഥ നേരെ മറിച്ചായിരുന്നു. അതുകൊണ്ട് എന്റെ കത്തുകൾ സാന്ത്വനം തേടി ഉള്ളതും, അച്ഛൻെറ കത്തുകൾ അതു തരുന്നതുമായിരുന്നു. അമ്മ അയച്ചിരുന്ന വാത്സല്യസമൃദ്ധമായ കത്തുകൾ

**തിരുമല തേടി ഒരു യാത്ര**
**സതീഷ് നാരായണൻ**

3

വീട്ടു വിശേഷങ്ങളിൽ മാത്രം ഒതുങ്ങി നിന്നിരുന്നു.

അച്ഛൻ എനിക്ക് അയച്ച മിക്ക കത്തകളും അദ്ദേഹത്തിന്റെ ജീവിത ദർശനത്തിന്റെ പ്രതിഫലനമായിരുന്നു. ഈശ്വരനിൽ വിശ്വസിച്ച്, ധൈര്യമായി അതേസമയം വിനയാന്വിതനായി മുൻപോട്ടു പോകുവാൻ കത്തുകളിലൂടെ അച്ഛൻ വീണ്ടും വീണ്ടും ആവശ്യപ്പെട്ടിരുന്നു. വിനയത്തെപ്പറ്റി അച്ഛൻ ഇങ്ങനെ എഴുതി. 'വിനയമെന്നത് തല ചൊറിഞ്ഞ് നിൽക്കലല്ല, ജീവിതത്തിൽ പിൻതുടരേണ്ട ഏറ്റവും വിശിഷ്ടമായ നയമാണ്. ആധുനിക ലോകത്തിന്റെ ആയുധങ്ങൾ ഉണ്ടല്ലോ, ചതി, ആത്മാർത്ഥതയില്ലായ്മ, സ്വാർത്ഥചിന്ത, കള്ളനാട്യം, ഇത്യാദി പലതും. ഞാൻ തറപ്പിച്ച് പറയുന്നു, ഇവയെ നേരിടാൻ ഫലപ്രദമായ ഒരേ ഒരു മാർഗം ഞാൻ പറയുന്ന വിനയമാണ്. ഏതു നിലയ്ക്കും നന്ദികേട് മനുഷ്യോചിതമല്ല എന്നുകൂടി പറയാൻ ഞാൻ പ്രേരിതനാകുന്നു.'

ഷഷ്ടിപൂർത്തിയാഘോഷ സമയത്ത് അച്ഛൻ എഴുതി 'ഇന്നലത്തെ സമ്മേളനങ്ങൾ പൊടിപൊടിച്ചു. കാറ്റ് ഭയങ്കരം. അച്ഛൻ അതിൽ നിലത്ത് വീഴാതെ പോയെങ്കിൽ ഭാഗ്യം. നിലത്ത് ഉറച്ച് നിന്ന് വിനീതമായി അപേക്ഷിച്ചു 'എന്നെ മഹാകവി ആക്കരുത്'.

## ഇരുമുടിക്കെട്ട്

അച്ഛന്റെ പൊട്ടിച്ചിരിക്കു പിന്നിൽ ഒളിച്ചുവച്ചിരുന്ന ഹൃദയവ്യഥകൾ വളരെക്കുറച്ചുപേർക്കു മാത്രമേ അറിവുണ്ടായിരുന്നുള്ളൂ. അങ്ങനെ പൊട്ടിച്ചിരിക്കുവാനുള്ള കഴിവ് ഉണ്ടായിരുന്നില്ലെങ്കിൽ അച്ഛന് എത്രയോ നേർത്തെ ഹൃദയാഘാതം വരുമായിരുന്നു. കനത്ത സാമ്പത്തികഭാരമായിരുന്നു അച്ഛൻ ചുമന്നു നടന്നിരുന്നത്. സ്വന്തം കുടുംബത്തെ മാത്രമല്ല കുറേക്കാലം പെങ്ങന്മാരേയും മരുമക്കളേയും അച്ഛന് സംരക്ഷിക്കേണ്ടിവന്നിരുന്നു. ഇത്രയും വലിയ ഒരു സംവിധാനം നിലനിർത്തി പോവാൻ വേണ്ടിമാത്രം വരുമാനം നേരായ മാർഗ്ഗത്തിലൂടെ വക്കീൽ ഗുമസ്ഥൻ പണിയിൽ നിന്നും കിട്ടില്ല. സാഹിത്യത്തിൽ നിന്നും കാര്യമായ വരുമാനം കിട്ടിയിരുന്നില്ല. അച്ഛൻ പറയാറുണ്ട് പുസ്തകം ചിലവാകണമെങ്കിൽ പ്രസാധകരെ ഇടക്ക് പോയി കാണണമെന്ന്. അതിനുള്ള സമയം അച്ഛന് കിട്ടിയിരുന്നില്ല. മാത്രവുമല്ല ആവക കാര്യങ്ങളിൽ അച്ഛൻ അത്ര സമർത്ഥനുമായിരുന്നില്ല. മക്കളിൽ ഹരി മാത്രമായിരുന്നു കുറേക്കാലം ഏക ആശ്രയം. ഉണ്ണിക്ക് ഉദ്യോഗംകിട്ടി, അവനും പണം അയക്കുവാൻ തുടങ്ങി. എന്നിട്ടും അച്ഛന് മുതുക് മുഴുവനും നിവർത്താനായില്ല. കാരണം വമ്പിച്ച കടബാധ്യത തന്നെ. അച്ഛന് എന്നിൽനിന്ന് ഒരു സാമ്പത്തിക സഹായവും ലഭിച്ചിട്ടില്ല; മാത്രമല്ല ഉദ്യോഗസ്ഥനായിട്ടും അച്ഛനിൽ നിന്നും ഞാൻ സഹായം തേടിയിട്ടുണ്ട്.

ജീവിതകാലം മുഴുവനും അച്ഛൻ കടക്കാരനായിരുന്നു. ഏത് നിമിഷവും മാനഹാനി സംഭവിക്കാമെന്നുള്ള കൊടും ഭീതിയിലുമായിരുന്നു.

അമ്മ ആരോഗ്യവതിയായിരുന്നില്ല. പലപ്പോഴും ഭയങ്കര ക്ഷീണിതയായി കാണാറുണ്ടായിരുന്നു. അമ്മ മരിച്ചു പോവുമോ എന്നു തന്നെ പലപ്പോഴും ആശങ്കിച്ചിട്ടുണ്ടായിരുന്നുവെന്ന് അച്ഛൻ ഒരിക്കൽ പറയുകയുണ്ടായി. അമ്മയുടെ പൾസ് 35 –40ൽ കൂടാറില്ല. ഞാനിപ്പോഴും ഓർക്കുന്നു രാത്രി 8–9 മണിയാവുമ്പോഴേക്കും മക്കൾക്ക് ചോറ് കൊടുത്തതിനു ശേഷം പണ്ടത്തെ പുത്തില്ലത്തിന്റെ പൂമുഖത്തെ പടിഞ്ഞാറെ അറ്റത്തുള്ള ഇരുത്തിയിൽ കൈ തലയിണയായി വച്ച് അമ്മ കിടക്കും. അച്ഛൻ വന്ന് ഷർട്ടും മുണ്ടും മാറ്റിയതിനു ശേഷം അമ്മയെ വിളിക്കും. പിന്നേയും രാത്രി വൈകീട്ടേ അവർ കിടക്കാറുള്ളൂ.

ജീവിക്കാനുള്ള ആഗ്രഹം അവസാന കാലത്ത് അച്ഛനിൽ കുറഞ്ഞ് വന്നിരുന്നു. അവസാനം എഴുതിയ ചില കവിതകളിൽ ഈ മനോഭാവം പ്രതിഫലിച്ചിരുന്നു. ശ്രീ കടവനാട് കുട്ടികൃഷ്ണൻ ഈ കവിതകൾ വായിച്ചു എന്താണ് മരണത്തോടുള്ള obsession എന്ന് ചോദിക്കുകയും ചെയ്തു. അവസാനകാലമായപ്പോഴേക്കും വല്ലാതെ ക്ഷീണിതനായിരുന്നു. ഉദരരോഗം മൂലം അച്ഛന് ശരിക്കും ഭക്ഷണം കഴിക്കാൻ സാധിച്ചിരുന്നില്ല. അതിനു പുറമെ വളരെയധികം അടുത്ത ചില ബന്ധുകൾ തമ്മിലുള്ള വഴക്കും അച്ഛനെ തളർത്തിയിരുന്നു.

അച്ഛന്റെ ക്ഷീണം കണ്ട് ചില സുഹൃത്തുക്കൾ കോഴിക്കോട് മെഡിക്കൽ കോളേജിൽ പോയി ഒരു പരിശോധന നടത്തുവാൻ ഉപദേശിച്ചിരുന്നു. ദിവാകരൻ അന്ന് അവിടെ മെഡിക്കൽ വിദ്യാർത്ഥിയായിരുന്നു. അവരോട് അച്ഛൻ പറഞ്ഞത് തനിക്കിപ്പോൾ ചീത്ത കാലമാണന്നും അത് കഴിഞ്ഞതിനു ശേഷം പരിശോധന നടത്താമെന്നും ആയിരുന്നു.

ഒടുവിൽ നല്ലകാലം വരാൻ കാത്ത് നിൽക്കാതെ ഒരു പ്രഭാതത്തിൽ അച്ഛൻ അന്ത്യശ്വാസം വലിച്ചു.